**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2016 – നടത്തിപ്പ് ചെലവിനും മറ്റ് ക്രമീകരണങ്ങൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം.218/2016/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 21.01.2016

---

പരാമർശം: പഞ്ചായത്ത് ഡയറക്ടറുടെ 04.01.2016-ലെ ജി2-38600/15 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

2016 ഫെബ്രുവരി 19-ന് എറണാകുളത്ത് വച്ച് നടത്തുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പ് ചെലവിലേക്കായി പ്രസ്തുത ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- രൂപാ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപാവീതവും അവയുടെ തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ സംഭാവന നൽകുന്നതിനുള്ള അനുമതിയും ഈ ആഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ ഗ്രാമപഞ്ചായത്തുകൾക്ക് വികസന മാതൃകകൾ അവതരിപ്പിക്കുന്നതിലേക്കായി തനത് ഫണ്ടിൽ നിന്നോ, ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/- രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകണമെന്നും ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനതുഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതിയും നൽകണമെന്നും പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. 2016 ഫെബ്രുവരി 19-ന് എറണാകുളത്ത് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ നടത്തിപ്പിനായി എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 20,000/- രൂപ വീതവും മറ്റ് 13 ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 10,000/- രൂപാവീതവും ജനറൽ കൺവീനറായ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ ലഭ്യമാക്കുന്നതിനുള്ള അനുമതിയും പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ 40,000/- രൂപ വരെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള അനുമതിയും 2016 വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് ജില്ല/ബ്ലോക്ക്/

ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് യാത്രാനുമതിയും നിയമാനുസൃത യാത്രാപ്പടി, താമസസൗകര്യത്തിനുള്ള ചെലവ് എന്നിവ തനതുഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.റംലത്ത്**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേനെ)
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)
തദ്ദേശ സ്വയംഭരണ (ഇപിബി/ഇആർഎ/ഇആർബി/എഫ് എം) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ